## റേഷൻ കാർഡ് പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ

246 (1330) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചത് എന്നാണെന്നും പ്രസ്തുത നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ;

(ബി) ഗുണഭോക്താക്കൾക്ക് പുതിയ റേഷൻ കാർഡ് എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലെ റേഷൻകാർഡ് പുതുക്കലിനായുള്ള പ്രീ-പോപ്പുലേറ്റഡ് ഫോമുകൾ 1-1-2015-ന് വിതരണം ആരംഭിച്ചു. സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ നൽകുന്ന പ്രക്രിയ മൂന്നാം ഘട്ടത്തിലാണ്. കാർഡുടമകളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഡാറ്റാ എൻട്രി നടത്തിയതിൽ എന്തെങ്കിലും പിശകുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ, അതത് കാർഡുടമകൾ തിരുത്തി നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഡാറ്റ ശുദ്ധമാക്കുന്ന പ്രക്രിയയാണ് ഇപ്പോൾ നടന്നുവരുന്നത്.

(ബി) മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ പുതിയ കാർഡുകൾ 31-3-2016-നകം വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## റേഷൻ കള്ളക്കടത്ത്

247 (1331) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കൊല്ലം ജില്ലയിൽ റേഷൻ വിതരണത്തിലെ ക്രമക്കേട്, നിലവിലുള്ള നിയമങ്ങളുടെ ലംഘനം എന്നിവയുടെ അടിസ്ഥാനത്തിൽ എത്ര റേഷൻ വ്യാപാരികൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്, ഇവരിൽ നിന്നും എത്ര രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്, പ്രസ്തുത കാലയളവിൽ എത്രകടകളുടെ ലൈസൻസ് റദ്ദ് ചെയ്തുവോ; വിശദാംശം അറിയിക്കുമോ:

LIBRARY ARCHIVES Kerala Legislative Assembly